**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2174** **11-10-2021 - ൽ മറുപടിയ്ക്ക്**

**റേഷൻ കാർഡുകൾ തരംതിരിക്കുന്നതിന്റെ മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ കാർഡുകൾ തരംതിരിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ എന്തെങ്കിലും ഗൈഡ്ലൈൻ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രാബല്യത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഉണഭോക്താക്കളെ മുൻഗണനാ (എ.എ.വൈ & പി.എച്ച്.എച്ച്), മുൻഗണനേതര (NP(S), NP(NS) & NP(I)) എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള പരിധി 154,80,040 ആണ്. എ.എ.വൈ വിഭാഗത്തെ കണ്ടെത്തുന്നതിനായി കേന്ദ്ര മാനദണ്ഡങ്ങളും പി.എച്ച്.എച്ച് വിഭാഗത്തെ കണ്ടെത്തുന്നതിനായി സംസ്ഥാന മാനദണ്ഡങ്ങളും നിലവിലുണ്ട്. എ.എ.വൈ പദ്ധതിയിൽ താഴെ പറയുന്ന മാനദണ്ഡപ്രകാരമുള്ള ഉണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭ്യമാകുന്നത്. 1. സാമൂഹ്യമോ, കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ, വാർദ്ധക്യാധിക്യ രോഗ ബാധിതരോ, അംഗവൈകല്യമുള്ളവരോ, 60 വയസ്സോ മുകളിലോ പ്രായമുള്ളവരോ നാഥ/ നാഥനായിട്ടുള്ള കുടുംബങ്ങൾ, ഏകയായ സ്ത്രീയോ പുരുഷനോ. 2. എല്ലാ പ്രാക്തന (പ്രാചീന) ഗോത്ര വർഗ്ഗ കുടുംബങ്ങളും. ഇത് കൂടാതെ കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം എ.എ.വൈ. വിഭാഗത്തിലുൾപ്പെടുന്നതിന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങളോടൊപ്പം കുഷ്ഠരോഗ ബാധിതർ, എയ്ഡ്സ് ബാധിതർ, വിട്ടുമാറാത്തതും മാരകവുമായ രോഗങ്ങൾക്ക് അടിമപ്പെട്ടവർ, ക്യാൻസർ ബാധിച്ച് പാലിയേറ്റീവ് ക്ലിനിക്കുകളിലെ പരിചരണത്തിലുള്ളവർ, നിരന്തര ചികിത്സയ്ക്ക് വിധേയരാകേണ്ടി വന്നതു മൂലം നിർദ്ധനരായവർ, പരാശ്രയമില്ലാത്ത വൃദ്ധ ദമ്പതികൾ, കുടുംബനാഥന്റെ ആകസ്മിക മരണം മൂലം അനാഥരാകുന്നവർ, മറ്റാരിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കാതെ പ്രതികൂല ചുറ്റുപാടിൽ കഴിയുന്നവർ എന്നിവരെ കൂടി എ.എ.വൈ |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്. 18.09.2017 ലെ സ.ഉ(സാധാ)നം. 320/17/ഭ.പൊ.വിവ. പ്രകാരമുള്ള സംസ്ഥാന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പി.എച്ച്.എച്ച് ഗുണഭോക്താക്കളെ കണ്ടെത്തുന്നത്. മതിയായ ഒഴിവുകൾ ഇല്ലാത്തതിനാൽ എ.എ.വൈ / പി.എച്ച്.എച്ച് വിഭാഗത്തിൽപെടുത്താൻ കഴിയാത്തവരും എന്നാൽ ഭക്ഷ്യ സബ്സിഡിക്ക് അർഹരുമായിട്ടുള്ള കുടുംബങ്ങളെ NP(S) (നീല കാർഡ്) എന്ന പ്രത്യേക വിഭാഗമായി കണ്ട് അവർക്ക് സംസ്ഥാന സബ്സിഡി ലഭ്യമാക്കുന്നു. |
| (ബി) | നിലവിലെ റേഷൻകാർഡ് തരംതിരിവിൽ (അർഹർ-അനർഹർ) ഉള്ള പരാതികൾ പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനുമുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്ന അംഗങ്ങളുടെ പരിധി നിശ്ചയിച്ചിട്ടുള്ളതിനാൽ അർഹരായ എല്ലാ കുടുംബങ്ങളേയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുവാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. ആയതിനാൽ അനർഹരായവരെ ഒഴിവാക്കുന്ന മുറയ്ക്ക് മാത്രമേ അർഹരായവരെ പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്താനാകൂ എന്നത് പരിഗണിച്ച് അനർഹരെ ഒഴിവാക്കുന്ന നടപടികൾ ത്വരിതഗതിയിൽ നടപ്പാക്കി വരുന്നു. ബന്ധപ്പെട്ട TSO/CRO കളിൽ ലഭിക്കുന്ന അപേക്ഷകളിൽ അദാലത്ത് നടത്തി അർഹതയുള്ളവരെ സപ്ലിമെന്ററി പട്ടികയിൽ ഉൾപ്പെടുത്തി, അനർഹരെ കണ്ടെത്തി ലഭ്യമാകുന്ന ഒഴിവുകൾ നികത്തി വരുന്നു. അനധികൃതമായി മുൻഗണനാ കാർഡ് കൈവശം വച്ചിരിക്കുന്നവർക്കെതിരെ KTPDS (കൺട്രോൾ) ഓർഡർ, 2021 ഖണ്ഡിക 11 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. അനർഹരെ കണ്ടെത്തുന്നതിനുള്ള താലൂക്ക് സപ്ലൈ ആഫീസർ/ റേഷനിംഗ് ഇൻസ്പെക്ടർമാരുടെ പരിശോധന കാര്യക്ഷമമാക്കിയിട്ടുണ്ട്. കൂടാതെ ഇതു സംബന്ധിച്ച വിവരങ്ങൾ വകുപ്പിനെ അറിയിക്കുന്നതിനായി 9495998223 എന്ന ഫോൺ നമ്പർ ഉപയോഗിക്കാവുന്നതാണ്. പരാതി നൽകുന്ന വ്യക്തികളെ കുറിച്ചുള്ള വിവരം രഹസ്യമായി സൂക്ഷിക്കുമെന്ന് ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ